Sect. 37. 3/525/2009/1 Lakh GPM. © Govt. of Kera.

GOVERNMENT OF KERALA

നം.21904/ആർ.സി.2/2010/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 07-04-2010.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

സെക്രട്ടറി,
കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ്,
വഞ്ചിയൂർ.പി.ഒ. തിരുവനന്തപുരം.

സർ,

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കെട്ടിട നികുതിയിൽ നിന്നും കാഴ്ചയില്ലാത്തവരെ ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന : താങ്കളുടെ 23-02-2010-ലെ നിവേദനം.

....

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. കേരള പഞ്ചായത്തീരാജ് ആക്ട്, മുനിസിപ്പൽ ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളാണെങ്കിൽ അയാൾ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്നതും, തറ വിസ്തീർണ്ണം മുപ്പത് ചതുരശ്ര മീറ്ററിൽ കുറവുള്ളതുമായ കെട്ടിടങ്ങൾ, സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ചു നൽകുന്ന വാസഗൃഹങ്ങൾ, വിമുക്ത ഭടന്മാരുടേയും അവരുടെ വിധവകളുടേയും യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന വീടുകൾ, ഇ.എം.എസ്, സമ്പൂർണ്ണ ഭവന പദ്ധതിയിൽപ്പെട്ട വീടുകൾ എന്നിവയെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇവ ഒഴികെ മറ്റാരുടേയും വാസഗൃഹങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ലതാപണിക്കർ,
അണ്ടർ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.